പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

08.07.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .580

## കേരള ഫിഷറീസ് സർവ്വകലാശാല

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.എ. വാഹീദ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, റ്റി.എൻ. പ്രതാപൻ<br>,, കെ.ശിവദാസൻ നായർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരള ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. 2011 ഏപ്രിൽ 1 മുതൽ കേരള ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വകലാശാലയിലെ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഉപദേശം സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | കുഫോസ് അക്കാഡമിക് കൗൺസിലിന്റെ ഉപദേശമനുസരിച്ചാണ് കോഴ്സുകൾ നടത്തുന്നത്. ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിലും അക്കാദമിക് കൗൺസിലിലും സെനറ്റിലും അംഗങ്ങളാണ്. |
| (സി) | മത്സ്യമേഖലയുടെ വികസനത്തിന് നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന് ഫിഷറീസ് വകുപ്പ് സർവ്വകലാശാലയുമായി കരാറിൽ ഏർപ്പെടുന്നതിന് ആലോചിക്കുന്നുണ്ടോ; | (സി) | മത്സ്യമേഖലയുടെ സമഗ്രവികസനം ഫിഷറീസ് സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യമായതിനാലും ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിലും, അക്കാദമിക് കൗൺസിലിലും സെനറ്റിലും അംഗങ്ങളായതിനാലും ഫിഷറീസ് വകുപ്പും സർവ്വകലാശാലയുമായി ഇക്കാര്യത്തിൽ നിരന്തര ബന്ധമുണ്ട്. കരാറിൽ ഏർപ്പെടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ശാസ്ത്രീയ-മത്സ്യകൃഷി സംബന്ധിച്ച് പുതിയ അറിവുകൾ നേടുന്നതിന് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുമായി മത്സ്യബന്ധന വകുപ്പ് യോജിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുമോ ? | (ഡി) | യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ